# ശ്രീലങ്കൻ തൊഴിലാളികളുടെ മുഴുവൻ ശമ്പളത്തിന്റെയും അടിസ്ഥാനത്തിൽ വിഹിതമടച്ചില്ല: ഡാമേജസ് ചുമത്തിയത് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

W.P. No. 12922/2017 Dt. 28.7.2020

ലോയൽ ടെക്സ്റ്റൈൽ മിൽസ് ലിമിറ്റഡ്
x
റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

തൊഴിലുടമയുടെ ഫാക്ടറിയിൽ ആയിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവരിൽ രണ്ടുപേർ ശ്രീലങ്കക്കാരാണ്. ശ്രീലങ്കൻ തൊഴിലാളികളുടെ ശമ്പളം പതിനയ്യായിരം രൂപയിലധികമാണ്. ശ്രീലങ്കയും ഇന്ത്യയും തമ്മിൽ സാമൂഹ്യസുരക്ഷാ കരാറുണ്ടെന്ന് കരുതിയ തൊഴിലുടമ ശ്രീലങ്കൻ തൊഴിലാളികളുടെ പേരിൽ വിഹിതമടച്ചത് ഉയർന്ന പരിധിയായ പതിനയ്യായിരം രൂപയുടെ അടിസ്ഥാനത്തിലാണ്. കുറെ നാൾ കഴിഞ്ഞപ്പോൾ ശ്രീലങ്കൻ തൊഴിലാളികൾ ജോലി അവസാനിപ്പിക്കുകയും പി.എഫ്. തുക വാങ്ങുകയും ഇന്ത്യ വിട്ടു പോകുകയും ചെയ്തു. അപ്രകാരമിരിക്കെ പി.എഫ്. കമ്മീഷണർ തൊഴിലുടമയോട് ശ്രീലങ്കൻ തൊഴിലാളികളുടെ വിഹിതമായി 5,03,562 രൂപയും പലിശയായി 2,00,202 രൂപയും കൂടി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ 4,09,794 രൂപ ഡാമേജസും അടയ്ക്കണമെന്ന് പി.എഫ്. കമ്മീഷണർ ഉത്തരവിട്ടു. ശ്രീലങ്കയും ഇന്ത്യയും തമ്മിൽ സാമൂഹ്യസുരക്ഷാ കരാർ നിലവിലില്ലാത്തതിനാൽ ശ്രീലങ്കൻ തൊഴിലാളികളുടെ മുഴുവൻ ശമ്പളത്തിന്റെയും അടിസ്ഥാനത്തിൽ വിഹിതമടയ്ക്കേണ്ടതായിരുന്നുവെന്നും അതിനു പകരം ഉയർന്ന ശമ്പള പരിധിയായ പതിനയ്യായിരം രൂപയ്ക്ക് മാത്രം വിഹിതമടച്ചതിനാലാണ് കുറവുള്ള തുക അടയ്ക്കണമെന്ന് ഇ.പി.എഫ്. കമ്മീഷണർ ആവശ്യപ്പെട്ടത്. തെറ്റ് മനസ്സിലാക്കിയ തൊഴിലുടമ പി.എഫ്. കമ്മീഷണർ നിർദ്ദേശിച്ച പ്രകാരം കുടിശികയും പലിശയും അടച്ചുതീർത്തെങ്കിലും ഡാമേജസ് അടച്ചില്ല. ഡാമേജസ് ഒഴിവാക്കണമെന്ന് തൊഴിലുടമ ആവശ്യപ്പെട്ടെങ്കിലും പി.എഫ്. കമ്മീഷണർ അത് അനുവദിച്ചില്ല. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ശ്രീലങ്കൻ തൊഴിലാളികളുടെ പേരിൽ പൂർണ്ണതോതിൽ വിഹിതമടയ്ക്കാതിരുന്നത് മനഃപൂർവ്വമല്ലെന്നും ശ്രീലങ്കയും ഇന്ത്യയും തമ്മിൽ സാമൂഹ്യസുരക്ഷാ കരാറുണ്ടെന്ന ധാരണയിലാണ് അബദ്ധം പിണഞ്ഞതെന്നും തെറ്റ് മനസ്സിലായപ്പോൾ കുടിശികയും പലിശയും അടച്ചു തീർത്തുവെന്നും ഇക്കാര്യത്തിൽ ദുരുദ്ദേശ്യമൊന്നുമില്ലെന്നും തൊഴിലുടമ വാദിച്ചു. ദുരുദ്ദേശ്യമുണ്ടെന്ന് പി.എഫ്. അധികൃതർ കണ്ടെത്താത്തിടത്തോളം ഡാമേജസ് ചുമത്തിയത് അന്യായമാണെന്ന് തൊഴിലുടമ വാദിച്ചു. ദുരുദ്ദേശ്യം തെളിയാതെ ഡാമേജസ് ചുമത്തിയത് തെറ്റായ നടപടിയാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. സാഹചര്യങ്ങൾ പരിശോധിച്ചാൽ വിഹിതമടച്ചതിൽ കുറവ് വന്നത് തെറ്റിദ്ധാരണമൂലം മാത്രമാണെന്നും അക്കാര്യത്തിൽ മനഃപൂർവ്വമായ യാതൊരു പ്രവൃത്തിയും കാണുന്നില്ലെന്നും അക്കാര്യം പകൽപോലെ വ്യക്തമാണെന്നും ഹൈക്കോടതി വിലയിരുത്തി. കാര്യ-കാരണങ്ങളും സാഹചര്യങ്ങളും വിലയിരുത്താതെ യാന്ത്രികമായി ഡാമേജസ് ചുമത്തിയത് നിയമാനുസൃതമല്ലെന്നു കണ്ട ഹൈക്കോടതി ഡാമേജസ് ചുമത്തിയത് റദ്ദാക്കുകയും തൊഴിലുടമയുടെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.